بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 28.03.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## റമദാനിലെ ഇബാദത്തുകളും നന്മകളും നിലനിർത്തുക.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

നമുക്ക് ഈ റമദാനിലൂടെ കടന്നുപോകാൻ അല്ലാഹു തൗഫീഖ് നൽകുകയുണ്ടായി. നമ്മളിൽ പലർക്കും നോമ്പെടുക്കാനും ഇബാദത്തുകൾക്കും തൗഫീഖ് നൽകി എന്നത് അല്ലാഹുവിന്റെ വലിയൊരു ഔദാര്യമാകുന്നു. എന്നാൽ റമളാനിൽ നോമ്പെടുത്തത് കൊണ്ടോ ഇബാദത്തുകൾ ചെയ്തത് കൊണ്ടോ മാത്രം നമ്മുടെ ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയില്ലെന്ന കാര്യവും നമ്മൾ മനസ്സിലാക്കേണ്ടതാണ്. മറിച്ച് അല്ലാഹു ഉപദേശിക്കുന്നത് എന്റെ സ്ഥായിയായ ദാസന്മാർ ആയിത്തീരണമെന്നാണ്. ഈ ദിവസങ്ങളിൽ അല്ലാഹു നമുക്ക് ഇബാദത്തുകൾക്ക് തൗഫീഖ് നൽകി എങ്കിൽ ഈ നന്മകൾ നിലനിർത്തണമെന്നതാണ് ഇനി നമ്മുടെ ഉത്തരവാദിത്വം. ഇതിന് നമ്മൾ നല്ലപോലെ ശ്രമിച്ച് കൊണ്ടിരിക്കേണ്ടതാണ്. ദുആയും ചെയ്യേണ്ടതാണ്.

റമളാൻ പ്രാധാന്യമുള്ളത് പോലെ തന്നെ ഓരോ നമസ്കാരവും ജുമുഅയും പ്രാധാന്യമുള്ളതാണ്. അല്ലാതെ റമദാനിലെ അവസാന ജുമുഅ ആയതുകൊണ്ട് (മാത്രം അത്) അനുഗ്രഹീതമല്ല. എല്ലാ ജുമുഅയും പ്രാധാന്യവും അനുഗൃഹീതവുമാകുന്നു. അല്ലാഹു ഇക്കാലഘട്ടത്തിൽ അയച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കാൻ നമുക്ക് തൗഫീഖ് ലഭിച്ചു. അദ്ദേഹം നമുക്ക് എങ്ങനെയാണ് അല്ലാഹുവിന്റെ യഥാർത്ഥ ഭക്തദാസനായിത്തീരാൻ കഴിയുകയെന്നും തിരുനബി(സ)ന്റെ ഉമ്മത്തിലെ യാഥാർത്ഥ അംഗമാകാൻ കഴിയുക എന്നും മനസ്സിലാക്കിത്തന്നിട്ടുണ്ട്. അദ്ദേഹം ഒരു സന്ദർഭത്തിൽ പറയുന്നു: ഞാൻ എന്റെ ജമാഅത്തിനോട് കൂടെക്കൂടെ പറഞ്ഞുകൊണ്ടിരിക്കുന്നു, നിങ്ങൾ എന്റെ ബൈഅത്തിൽ ഉൾപ്പെടുന്നു എന്നതിൽ മാത്രം പ്രതീക്ഷയർപ്പിക്കരുത്. ഏതുവരെ അതിന്റെ യാഥാർത്ഥ്യത്തിലേക്ക് എത്തുന്നില്ലയോ അതുവരെ മോക്ഷം സാധ്യമല്ല. ശിഷ്യത്വത്തിനു ശേഷം പ്രവർത്തനം ഇല്ലെങ്കിൽ ഗുരുവിന്റെ മേന്മ ഒരു പ്രയോജനവും നൽകുന്നതല്ല. ഞാൻ കിശ്തീ നൂഹ് എന്ന പേരിൽ ഒരു പുസ്തകമെഴുതിയിട്ടുണ്ട്. അത് നിങ്ങൾ കൂടെക്കൂടെ വായിക്കുക. അല്ലാഹു പറയുന്നു: പരിശുദ്ധനായി തീരുന്നവൻ വിജയിച്ചു. അതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മാത്രമേ നിങ്ങൾക്ക് പ്രയോജനം ലഭിക്കുകയുള്ളൂ. നിരവധി മോഷ്ടാക്കളും വ്യഭിചാരികളും ദുർനടപ്പുകാരും മദ്യപാനികളും മോശം ജീവിതത്തിന് ഉടമകളും, തങ്ങൾ തിരുനബി(സ)യുടെ ഉമ്മത്താണ് എന്ന് വാദിക്കുന്നവരായിട്ടുണ്ട്. വാസ്തവത്തിൽ അവർ അതാണോ? അവർ തിരുനബി(സ)യുടെ ഉമ്മത്ത് ആണെന്നു പറയാൻ അർഹതയുള്ളവരാണോ? ഒരിക്കലുമല്ല. തിരുനബി(സ)യുടെ അധ്യാപനങ്ങൾ പൂർണമായും പ്രാവർത്തികമാക്കുന്നവരാണ് ഉമ്മത്തി.

ആ മഹാത്മാവ് പറയുന്നു: ഈ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവർ അതിന്റെ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കണം. ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം പ്രയാസങ്ങൾ ഉണ്ടാകുന്നതാണ്. പ്രയാസങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ പിന്നെ പ്രതിഫലം എങ്ങനെയാണ് ലഭിക്കുക? തിരുനബി(സ) മക്കയിൽ 13 വർഷം പ്രയാസങ്ങൾ അനുഭവിച്ചു. അക്കാലഘട്ടത്തിലെ പ്രയാസങ്ങൾ ഏതു രീതിയിലുള്ളതാണ് എന്ന് നിങ്ങൾക്ക് അറിയില്ല. അതുകൊണ്ട് എപ്പോഴും ഓർക്കുക; പ്രയാസങ്ങൾ ഉണ്ടാകുന്നതാണ്. അന്ന് പ്രയാസങ്ങൾ ഉണ്ടായപ്പോൾ സ്വഹാബാക്കൾക്ക് ക്ഷമിക്കാനുള്ള അധ്യാപനമാണ് നബി(സ) നൽകിയത്. അതിന്റെ പരിണിത ഫലമെന്തായിരുന്നു? അവസാനം ശത്രുക്കൾ ഇല്ലായ്മ ചെയ്യപ്പെട്ടു എന്നതാണ്. ഉപദ്രവകാരികളായ ആളുകളെ അന്ന് നിങ്ങൾക്ക് കണാൻ കഴിയില്ല.

അല്ലാഹു ഈ ജമാഅത്തിനെ ലോകത്ത് പരത്തണമെന്ന് ഉദ്ദേശിക്കുന്നു. ഇവർ നിങ്ങൾ കുറച്ചുപേരാണെന്ന് കരുതി നിങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഈ ജമാഅത്ത് വളരുമ്പോൾ ഇവർ സ്വയം നിശബ്ദരായി തീരുന്നത് നിങ്ങൾക്ക് കാണാൻ കഴിയും. ഇതു തന്നെയാണ് ലോകത്തിന്റെ നിയമം, ഇതു തന്നെയാണ് നബിമാരുടെ ജമാഅത്തിന്റെ കാര്യത്തിൽ ചരിത്രത്തിൽ നമ്മൾ കണ്ടിട്ടുള്ളതും.

ആ മഹാത്മാവ് പറയുന്നു: സബ്ർ അഥവാ ക്ഷമ ഒരു ഇബാദത്ത് തന്നെയാണ്; ഒരു ആരാധനയാകുന്നു. നമ്മുടെ ജമാഅത്ത് അല്ലാഹുവിന്റെ സഹായത്തിൽ ആണുള്ളത്. ദുഃഖം സഹിക്കുമ്പോൾ വിശ്വാസം സുദൃഢമാകുന്നതാണ്. സബ്ർ പോലെയുള്ള മറ്റൊരു സംഗതിയും ഇല്ല തന്നെ. ആ മഹാത്മാവ് തഖ്‌വയെക്കുറിച്ച് ഉപദേശിച്ചുകൊണ്ടു പറയുന്നു: ചരിത്രം നമുക്ക് മനസ്സിലാക്കി തരുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ആരംഭകാലത്ത് സത്യസന്ധരായ മുസ്‌ലീങ്ങൾക്ക് സബർ ചെയ്യേണ്ടിവന്നിരുന്നു. സഹാബാക്കൾക്കും അത്തരം സന്ദർഭങ്ങൾ വന്നിരുന്നു. ഒരാൾ തഖ്‌വ സ്വായത്തമാക്കുകയാണെങ്കിൽ അല്ലാഹു അയാൾക്കുവേണ്ടി കവാടങ്ങൾ തുറന്നുകൊടുക്കുന്നു. അതുപോലെ ആ മഹാത്മാവ് ഹുഖൂഖുൽ ഇബാദ് അഥവാ സമസൃഷ്ടികളോടുള്ള അവകാശങ്ങളെ സംബന്ധിച്ച് പറയുന്നു: നിങ്ങൾ പരസ്പരം ഇടകലർന്നിരിക്കുക. നിങ്ങൾ എത്രമാത്രം പരസ്പരം സ്നേഹിക്കുന്നുവോ അത്രമാത്രം അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. പറയുന്നു: നമ്മുടെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അനിവാര്യമായിട്ടുള്ള ഒരു സംഗതി എന്തെന്നാൽ ഈ കലുഷിതമായ കാലഘട്ടത്തിൽ അതായത് എല്ലാ ഭാഗത്തും വഴികേടും അലംഭാവവും ദുർമാർഗവും പരന്നുകൊണ്ടിരിക്കുമ്പോൾ തഖ്‌വ സ്വായത്തമാക്കുക എന്നതാണ്.

നോക്കുക ഇന്ന് വഴികേടിലേക്ക് നയിക്കുന്നതിനുള്ള ഏതു മാർഗമാണ് ഉപയോഗിക്കപ്പെടാത്തതായി ഉള്ളത്? ഇത്തരം ഘട്ടത്തിൽ നമ്മുടെ കർത്തവ്യം, ഈ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടാൻ ശ്രമിക്കുക എന്നതാണ്. തുടർന്ന് പറയുന്നു: തഖ്‌വ എന്നത് വെറും അധര വ്യായാമംകൊണ്ട് ലഭ്യമാകുന്ന ഒന്നല്ല. മറിച്ച് ശൈത്താൻ വഴിതെറ്റിക്കുന്നു. തഖ്‌വ സ്വായത്തമാക്കുന്നവരെയും ശൈത്താൻ വഴിതെറ്റിക്കാറുണ്ട്. ഇതു മുഖേന ഒരു മനുഷ്യനെ തന്റെ ഉള്ളിൽ എത്ര മാത്രം ദൗർബല്യങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. വളരെ സൂക്ഷിച്ച് സൂക്ഷിച്ച് ചുവടുകൾ വയ്ക്കേണ്ടതാണ്. അല്ലാഹുവിനെ എല്ലാ ശക്തികളുടെയും സ്രോതസ്സ് ആണെന്ന് മനസ്സിലാക്കുമ്പോൾ മാത്രമാണ് ഇത് സാധ്യമാവുക. (ശൈത്താനിൽനിന്ന് സ്ഥായിയായ മോചനം ആഗ്രഹിക്കുന്നുവെങ്കിൽ, ഇബാദത്തുകളിലേക്ക് ശ്രദ്ധിക്കുക അതിൽ ഒരു പ്രകടനപരതയും ഉണ്ടാകരുത്.) മുത്തഖി ആകുന്നതിന് അനിവാര്യമായ ഒരു സംഗതി വളരെ പ്രത്യക്ഷത്തിൽ ഉള്ള കാര്യങ്ങളായ വ്യഭിചാരം, കളവ്, അവകാശധ്വംസനം, പ്രകടനപരത, മിഥ്യാഭിമാനം, നിന്ദ്യാദൃഷ്ടി, പിശുക്ക് തുടങ്ങിയ മോശം സ്വഭാവങ്ങളെ ഒഴിവാക്കുന്നതിൽ ഉറച്ച് നിൽക്കുകയും തിന്മകളിൽനിന്ന് വിട്ടുനിൽക്കുന്നതോടൊപ്പം തന്നെ അവയ്ക്ക് പകരമായി ഉന്നത സ്വഭാവങ്ങളിൽ പുരോഗതി പ്രാപിക്കുകയും വേണം. എന്നാൽ അതു മാത്രം പോരാ. അതിനു പകരമായി നന്മകൾ ആർജിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ തഖ്‌വ. ഇനി ഇതുകൂടാതെ മറ്റെന്ത് കാര്യങ്ങളാണ് നന്മയിൽ ബാക്കിയുള്ളത്? ജനങ്ങളോട് നല്ല രീതിയിൽ പെരുമാറുക. സൽസ്വഭാവം പ്രകടിപ്പിക്കുക. സഹാനുഭൂതി ഉണ്ടാവുക. അല്ലാഹുവുമായി സ്വച്ഛമായ കൂറും സത്യസന്ധതയും പുലർത്തുക. ഇതിലൂടെയാണ് ഒരു മനുഷ്യൻ മുത്തഖി എന്ന് പറയപ്പെടുന്നത്.

ആ മഹാത്മാവ് തുടരുന്നു: ഇതെല്ലാം ഒരാൾക്കുള്ളിലുണ്ടാവുകയാണെങ്കിൽ അവരാണ് മുത്തഖീങ്ങൾ. ഇങ്ങനെ ആയി മാറിയാൽ അല്ലാഹു അത്തരക്കാരുടെ സംരക്ഷകനായി മാറുന്നതാണ്. അല്ലാഹു പറയുന്നു: അവർക്ക് യാതൊരു തരത്തിലുള്ള ഭയമോ സങ്കടമോ ഉണ്ടാകുന്നതല്ല. മറ്റൊരു സ്ഥലത്ത് പറയുന്നു: അവൻ നന്മ ചെയ്യുന്നവരുടെ സംരക്ഷകനാകുന്നു. പറയുന്നു: തങ്ങളുടെ ഹൃദയങ്ങൾക്കുള്ളിൽ ദൈവീക സ്നേഹവും മഹത്വവും ഉണ്ടാക്കുക. അത് ഉണ്ടാക്കാൻ നമസ്കാരത്തെക്കാളും വലിയ ഒരു കാര്യവുമില്ല. യാഥാർത്ഥ്യമെന്തെന്നാൽ അല്ലാഹുവിന്റെ സവിധത്തിൽ തങ്ങളുടെ നന്മകളാണ് സമർപ്പിക്കാനുള്ളത്. ആരാധനകൾ യഥാവിധി അനുഷ്ഠിക്കുകയാണ് വേണ്ടത്. അതിനുവേണ്ടി ഏറ്റവും ഉന്നതമായ കാര്യം നമസ്കാരമാകുന്നു. റമദാനിലൂടെ നമ്മൾ കടന്നു പോയി, നമസ്കാരത്തിന്റെ അവസ്ഥകളിലൂടെ നമ്മൾ നീങ്ങി, നന്മകളുടെ സാഹചര്യങ്ങളിലൂടെ നമുക്ക് നീങ്ങുന്നതിന് അവസരം കിട്ടി, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നതിന്‌വേണ്ടി അതിനെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കി മാറ്റേണ്ടത് അനിവാര്യമാണ്.

ആ മഹാത്മാവ് പറയുന്നു: നോമ്പ് ഒരു വർഷത്തിനു ശേഷമാണ് വരുന്നത്. സക്കാത്ത് സമ്പത്ത് ഉള്ളവരാണ് കൊടുക്കേണ്ടത്. ഇതൊക്കെ നന്മകൾ തന്നെ ആണെങ്കിലും പക്ഷേ നമസ്കാരം എല്ലാ തരത്തിലുള്ള ആളുകൾക്കും അഞ്ചുനേരം നിർബന്ധമാണ്. അതൊരിക്കലും തന്നെ ഒഴിവാക്കരുത്. അത് കൂടെക്കൂടെ അനുഷ്ഠിക്കുക. അവൻ ഉദ്ദേശിക്കുന്ന പക്ഷം അപ്പോൾ തന്നെ സ്വീകരിക്കാൻ കഴിവുള്ളവന്റെ മുന്നിലാണ് നിൽക്കുന്നതെന്ന ബോധ്യത്തോടുകൂടി നമസ്കാരങ്ങൾ കൂടെക്കൂടെ അനുഷ്ഠിക്കുക.

ആ മഹാത്മാവ് തുടരുന്നു: നമ്മുടെ ജമാഅത്ത് വിശ്വാസത്തിൽ വർദ്ധനവ് ഉണ്ടാക്കണം. അല്ലാഹുവിൽ പൂർണമായി വിശ്വാസവും ദിവ്യജ്ഞാനവും ഉണ്ടാകണം. സൽകർമങ്ങളിൽ അലസതയും അലംഭാവവും ഉണ്ടാകരുത് കാരണം അലംഭാവം ഉണ്ടാകുമ്പോൾ പിന്നെ വുളു എടുക്കുന്നത് പോലും മുസീബത്തായി തീരും. എന്നിട്ടല്ലേ തഹജ്ജുദ് നമസ്കാരം! സൽക്കർമങ്ങൾക്കുള്ള ശക്തി ഉണ്ടാക്കുന്നില്ലെങ്കിൽ സൽകർമ്മങ്ങളിൽ പരസ്പരം മത്സരിച്ചു മുന്നേറുന്നതിനുള്ള ആവേശം ഉണ്ടാകുന്നില്ലെങ്കിൽ നാമുമായുള്ള ബന്ധം വ്യർഥമാണ്. പറയുന്നു: നമ്മുടെ അധ്യാപനങ്ങളെ കർമ്മരൂപരേഖ ആക്കുന്നവരും തങ്ങളുടെ കഴിവും പരിശ്രമവും മുഖേന അതനുസരിച്ച് പ്രവർത്തിക്കുന്നവരും മാത്രമാണ് നമ്മുടെ ജമാഅത്തിൽ ഉൾപ്പെട്ടവരായി ഗണിക്കപ്പെടുക. എന്നാൽ വെറും പേരു മാത്രം വെച്ച്, ശേഷം അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നില്ല എങ്കിൽ അവർ ഓർത്തുകൊള്ളട്ടെ, അല്ലാഹു ഈ ജമാഅത്തിനെ ഒരു പ്രത്യേക ജമാഅത്ത് ആക്കാൻ ആഗ്രഹിക്കുന്നു. വെറും പേര് എഴുതിയത് കൊണ്ട് മാത്രം ആരും ഈ ജമാഅത്തിൽ ഉൾപ്പെട്ടവർ ആകുന്നതല്ല. (അവർ അകറ്റപ്പെടുകയും ചെയ്യുന്നതാണ്) അതുകൊണ്ട് നൽകപ്പെടുന്ന അധ്യാപനം അനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കാൻ ശ്രമിക്കുക. കർമ്മങ്ങൾ ചിറകുകൾ പോലെയാണ്. കർമ്മങ്ങൾ കൂടാതെ മനുഷ്യന് ആത്മീയമായ പദവികളിലേക്ക് പറന്നുയരാൻ കഴിയുന്നതല്ല. അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ട് എന്താണ് വിവക്ഷിക്കപ്പെടുന്നത്. ആ മഹാത്മാവ് പറയുന്നു: ഇതുകൊണ്ടുള്ള വിവക്ഷയെന്തെന്നാൽ തങ്ങളുടെ മാതാപിതാക്കളോടും തങ്ങളുടെ ഭാര്യാമക്കളോടും തങ്ങളുടെ ആത്മാവിനോടും ഉള്ളതിനേക്കാൾ എല്ലാം അതീതമായി അല്ലാഹുവിന്റെ തൃപ്തിയെ മുന്തിക്കേണ്ടതാണ്. അതു കൊണ്ട് തന്നെ ഖുർആനിൽ പറയുന്നു: നിങ്ങൾ അല്ലാഹുവിനെ തങ്ങളുടെ പൂർവപിതാക്കളെ ഓർക്കുന്നതുപോലെ, അല്ല; അതിലും ശക്തമായ രീതിയിൽ സ്നേഹത്തോടുകൂടി സ്മരിക്കുക.

അതുകൊണ്ട് ഈ റമദാനിൽ നമ്മുടെ ഇബാദത്തുകളിലേക്കും ഉന്നതമായ ധാർമിക സ്വഭാവങ്ങളിലേക്കും ശ്രദ്ധിക്കുമെന്ന ശപഥം ചെയ്തിട്ടുണ്ടെങ്കിൽ വർഷം മുഴുവനും തുടർന്നുകൊണ്ടിരിക്കണം. അത് അവസാനിപ്പിക്കാൻ പടില്ല. ഇത് വർഷം മുഴുവൻ തുടരുകയാണെങ്കിൽ പിന്നെ നമ്മൾ ലക്ഷ്യം പ്രാപിക്കുന്നവരായി തീരുന്നതാണ്. അത് നമ്മുടെ ജീവിതലക്ഷ്യമാണ്. ആ മഹാത്മാവ് പറയുന്നു: ഭൗതികരായ ആളുകളെ പോലെ ആണെങ്കിൽ ഒന്നും നേടിയെടുക്കാൻ സാധ്യമല്ല. നിങ്ങൾ എന്റെ കയ്യിൽ തൗബ ചെയ്തിരിക്കുന്നു. എന്റെ കയ്യിൽ തൗബ ചെയ്യുന്നത് ഒരു മരണം ആവശ്യപ്പെടുന്നു. നിങ്ങൾക്ക് പുതുജീവിതത്തിൽ ഒരു പുതിയ ജന്മം ലഭിക്കുമാറാകാൻ തന്നെ. ബൈഅത്ത് ഹൃദയപൂർവം അല്ലെങ്കിൽ അതുകൊണ്ട് ഒരു ഫലവും ഉണ്ടാകുന്നതല്ല. എന്റെ ബൈഅത്ത് കൊണ്ട് അല്ലാഹു ഹൃദയപൂർവ്വമുള്ള പ്രഖ്യാപനമാണ് ആവശ്യപ്പെടുന്നത്. ആയതിനാൽ എന്നെ ഹൃദയത്തോടുകൂടി സ്വീകരിക്കുന്നവർ തങ്ങളുടെ തിന്മകളിൽനിന്ന് സത്യസന്ധമായി തൗബ ചെയ്യുമ്പോൾ തിന്മകളെ പൊറുക്കുന്നവനും കരുണാമയനുമായ ദൈവം തീർച്ചയായും പൊറുക്കുന്നതാണ്. അവൻ മാതാവിന്റെ ഉദരത്തിൽനിന്ന് ജനിച്ച പൈതലിനെ പോലെയായി തീരും. അപ്പോൾ മലക്കുകൾ അവനെ സംരക്ഷിക്കുന്നതാണ്. ഒരു ഗ്രാമത്തിൽ ഒരു നല്ല വ്യക്തിയുണ്ടെങ്കിൽ അയാളുടെ നന്മയെ പരിഗണിച്ചുകൊണ്ട് അയാൾക്കുവേണ്ടി ആ ഗ്രാമത്തെ മുഴുവനും നാശത്തിൽനിന്ന് അവൻ സംരക്ഷിക്കുന്നതാണ്. പക്ഷേ നാശം ഇറങ്ങിക്കഴിഞ്ഞാൽ പിന്നീട് അത് എല്ലാവരെയും ബാധിക്കുന്നതുമാണ്. പക്ഷേ എന്നാലും അല്ലാഹു തന്റെ ദാസന്മാരെ ഏതെങ്കിലുമൊക്കെ രീതിയിൽ സംരക്ഷിക്കുന്നതാണ്.

ഇന്ന് ലോകത്തിന്റെ അവസ്ഥയിൽ പ്രത്യേകിച്ചും തങ്ങളെയും തങ്ങളുടെ തലമുറകളെയും സംരക്ഷിക്കുന്നതിന്വേണ്ടിയും ലോകത്തെ രക്ഷിക്കുന്നതിനും തൗഹീദ് ലോകത്ത് സ്ഥാപിക്കുന്നതിനുംവേണ്ടി ശ്രമിക്കേണ്ടതാണ്. തിരുനബി(സ) യുടെ പതാകയ്ക്ക് കീഴിൽ ലോകത്തെ കൊണ്ടുവരാൻ ശ്രമിക്കണം. അതോടൊപ്പം നമ്മൾ നമ്മളിലും ഒരു സവിശേഷമായ മാറ്റം ഉണ്ടാക്കേണ്ടതാണ്.

സ്ഥായിയായി ദുആകളെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക. അങ്ങനെ നമ്മളും രക്ഷ പ്രാപിക്കുന്നവർ ആയിത്തീരുന്നതാണ്, ലോകത്തെയും സംരക്ഷിക്കുന്നവർ ആയിത്തീരും. കാരണം ഈ ലോകം വളരെ ശീഘ്രഗതിയിൽ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ഈ ലോകത്തിന്റെ പരിഷ്കരണത്തിനുള്ള സംവിധാനം ഒരുക്കുന്നതാണ്. അവരുടെ ഹൃദയങ്ങളെ തിരിക്കുന്നതാണ്. ഈ നാശത്തിൽനിന്ന് രക്ഷിക്കുന്നതാണ്. നാശം വന്നാൽ പോലും അല്ലാഹു വിശ്വാസികളെ സംരക്ഷിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടുന്നതിന് നമ്മൾ നമ്മുടെ കർമ്മങ്ങൾ മുഖേന നമ്മുടെ കർമ്മങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നമുക്കുമേൽ എപ്പോഴും ഉണ്ടാകുന്ന രീതിയിൽ ആക്കേണ്ടതാണ്. നമുക്ക് കാര്യങ്ങളുടെ യാഥാർത്ഥ്യവും തിരിച്ചറിവും കരസ്ഥമാക്കാൻ കഴിയുമാറാകട്ടെ. എങ്ങനെയാണ് ഇബാദത്തുകളെ സജീവമാക്കേണ്ടതെന്നും എങ്ങനെയാണ് നമ്മൾ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ടത് എന്നും എങ്ങനെയാണ് നമ്മൾ ഉന്നതമായ സ്വഭാവങ്ങൾ പ്രകടിപ്പിക്കേണ്ടതെന്നും എങ്ങനെയാണ് തൗഹീദിനെ ലോകത്ത് സ്ഥാപിക്കേണ്ടത് എന്നും എങ്ങനെയാണ് ലോകത്തെ രക്ഷിക്കേണ്ടത് എന്നും എങ്ങനെയാണ് തങ്ങളെ ലോകത്തിന്റെ നാശങ്ങളിൽ നിന്നും അക്രമണങ്ങളിൽ നിന്നും രക്ഷിക്കേണ്ടതെന്നും നമുക്ക് തിരിച്ചറിവുണ്ടാകുമാറാകട്ടെ. ഈ ഒരു ബോധം നമുക്കുള്ളിൽ ഉണ്ടാകുന്നുവെങ്കിൽ പിന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിന്റെ കടമ യഥാവിധി നിർവഹിക്കുന്നവരായി നമ്മൾ മാറുന്നതാണ്. നമുക്ക് ബൈഅത്തിന്റെ കടമകൾ യഥാവിധി നിർവഹിക്കാൻ കഴിയുമാറാകട്ടെ. ഈ റമദാൻ നമുക്ക് അനുഗ്രഹങ്ങൾക്ക് നിമിത്തമാകുമാറാകട്ടെ. അതിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും നമുക്ക്മേൽ വർഷിക്കുമാറാകട്ടെ. നമ്മുടെ റമദാനിലെ വരാനുള്ള ദിവസങ്ങളും വർഷം മുഴുവനും, അടുത്ത റമദാൻ വരെയും അല്ലാഹുവിന്റെ ഇബാദത്തുകൾ നിർവഹിക്കുന്നവരാക്കി തീർക്കുമാറാകട്ടെ. അവന്റെ ദാസന്മാരുടെ കടമകളും നിർവഹിക്കാൻ നമുക്ക് കഴിയുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനെല്ലാം തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

* * * * * * *
* * **
**

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 28.03.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516